## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *102 — 11.07.2016 -ലെ മറുപടിയ്ക്ക്

# ആഗോള വിദ്യാഭ്യാസ സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ. യു. അരുണൻ<br>ശ്രീ. റ്റി. വി. രാജേഷ്<br>,, ഐ. ബി. സതീഷ്<br>,, എം. സ്വരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉദ്ദേശ്യലക്ഷ്യങ്ങൾ ഈ സർക്കാർ വിലയിരുത്തിവരുന്നു.<br><br>മുൻ സർക്കാരിന്റെ കാലത്ത് വിളിച്ചുചേർത്ത ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപറയുന്നവയായിരുന്നു.<br><br>• വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര വത്കരണം,<br>• അക്കാദമിക് സിറ്റിയുടെ രൂപീകരണം,<br>• അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലകൾ,<br>• ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര മേഖലയിലെ വിദഗ്ദരുമായി ചേർന്ന് പാഠ്യ പ്രവർത്തനങ്ങളും നൈപുണ്യ വികസന കോഴ്സുകളുടേയും സമന്വയം |
| (ബി) | ആഗോള സംഗമത്തിൽ പങ്കെടുത്ത അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു എന്ന് | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ആഗോള സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയെന്നും അവയുടെ പ്രവർത്തന മേഖലയും വ്യക്തമാക്കുമോ; | (സി) | 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് നടത്തിയ ആഗോള വിദ്യാഭ്യാസ സംഗമത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളെ കോവളം ഡിക്ലറേഷൻ എന്ന പേരിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്കും UGC, AICTE, സംസ്ഥാന സർവ്വകലാശാലകൾക്കും നൽകിയിരുന്നു. ഇതിനെ തുടർന്ന് മറ്റു നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. IHAZ - (അന്തർദേശീയ ഉന്നത വിദ്യാഭ്യാസ അക്കാദമിക മേഖലകൾ) ആരംഭിക്കുന്നതിനായി വിവിധ ട്രസ്റ്റുകളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നതല്ലാതെ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല. |
| (ഡി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വാണിജ്യവത്ക്കരിക്കുന്നതായി പറയപ്പെടുന്ന മുൻ സർക്കാരിന്റെ നയം തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | വിദ്യാഭ്യാസരംഗത്തെ വാണിജ്യവത്ക്കരണം ഈ സർക്കാരിന്റെ നയമല്ല. മുൻസർക്കാരിന്റെ അത്തരത്തിലുള്ള എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ അവ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Saradadevi

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**